ബദീഉസ്സമാൻ

**കോൺഗ്രസ് ഗ്രൂപ്പ് പ്രശ്നം പോലെ തീർത്തും വ്യക്തിനിഷ്ഠമായ, ചക്കളത്തിപ്പോരിന്റെ ഒരുതലം സി.പി.എമ്മിലുമുണ്ട്. പക്ഷേ അച്യുതാനന്ദൻ-പിണറായി ദ്വന്ദങ്ങൾക്കിടയിൽ ചർച്ച ചെയ്യപ്പെടാതെ പോകുന്ന സി.പി.എമ്മിലെ പ്രശ്നങ്ങളുടെ ചില വശങ്ങളെക്കുറിച്ചുകൂടി പറയേണ്ടതുണ്ട്.**

# മരങ്ങൾ എണ്ണിയും കാട് കാണാതെയും

**തൊണ്ണൂറുകളുടെ** തുടക്കവർഷം. സോവിയറ്റ് യൂനിയൻ തകർന്നുകൊണ്ടിരിക്കുന്ന ദിനങ്ങൾ. സംഭവിച്ചുകൊണ്ടിരിക്കുന്നത് എന്താണെന്ന് മനസ്സിലാക്കാൻ കഴിയാതെ, നിജസ്ഥിതിയറിയാനും നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന സാമൂഹിക സുരക്ഷാ സംവിധാനങ്ങൾ പുനഃസ്ഥാപിക്കപ്പെടുമോ എന്ന് വേപഥു പൂണ്ടും ജനങ്ങൾ ക്രെംലിനിൽ തടിച്ചുകൂടിയിരിക്കുകയാണ്. പെട്ടെന്നൊരാൾ ടാങ്കുമോടിച്ച് ജനക്കൂട്ടത്തിന് നേരെ വരുന്നത് കണ്ട് ജനങ്ങൾ ചകിതരായി നാലുപാടുമോടി. എന്നാൽ കുറച്ച് ദൂരം വന്ന ടാങ്ക് ഒരു സൈഡിൽ പാർക്ക് ചെയ്യുന്നതു കണ്ട് ആശ്വാസം തോന്നിയ ജനങ്ങൾ അടുത്ത് വന്നപ്പോഴാണത്രെ കാര്യമറിഞ്ഞത്; തന്റെ കഴിഞ്ഞ മാസത്തെ കുടിശ്ശികയായ ശമ്പളത്തെ കുറിച്ച് അന്വേഷിക്കാൻ വന്ന ടാങ്ക് ഡ്രൈവറായിരുന്നത്രെ അത്. റൂബിളിന് കടലാസിന്റെ വില പോലുമില്ലാതായതിനാൽ മോക്സോയിലെത്താൻ വണ്ടിക്കൂലിക്ക് പണമില്ലാതെ പോയ അയാൾ തന്റെ ടാങ്കുമോടിച്ച് പോരുകയായിരുന്നു.

പതിറ്റാണ്ടുകളായി നിസ്വാർഥ തൊഴിലാളിപ്രേമത്തിന്റെ സംഘടനാ രൂപമെന്ന് തങ്ങൾ കരുതിയിരുന്ന സംവിധാനത്തിൽ നടന്നുകൊണ്ടിരിക്കുന്നതറിയാൻ ആകാംക്ഷാപൂർവം കാത്തിരിക്കുന്ന പൊതുജനം, കേരള സി.പി.എമ്മിൽ അച്ചടക്കത്തിന്റെ ടാങ്ക് ഉരുണ്ടുവരുന്നത് കണ്ട് അത്ഭുതപ്പെടുകയാണ്. പി.ബിയിലെ മുതിർന്ന രണ്ട് നേതാക്കളെ ലക്ഷ്യമിട്ടാണതിന്റെ വരവെന്നത് പാർട്ടി അണികളിലെങ്കിലും ഞെട്ടലുണ്ടാക്കുന്നു. എൺപതുകളിൽ പല രൂപത്തിൽ ഉള്ളിലൊതുങ്ങിയ, തൊണ്ണൂറുകളിൽ ബൂർഷാ മാധ്യമങ്ങളുടെ കുപ്രചാരണമെന്നും പുതുമില്ലെനിയത്തിൽ 'മാധ്യമസിന്റിക്കേറ്റ്' ഗൂഢാലോചനയെന്നും പാർട്ടി നേതൃത്വം വിശേഷിപ്പിച്ച ഗ്രൂപ്പ് വഴക്ക് തികഞ്ഞ യാഥാർഥ്യമെന്ന് പാർട്ടി തന്നെ ഇപ്പോൾ അടിവരയിട്ടിരിക്കുന്നു.

പിണറായി - അച്യുതാനന്ദൻ വഴക്ക് കുറച്ചുകാലമായി നാട്ടിൽ ചർച്ചാ വിഷയമാണ്. കേരളാ കോൺഗ്രസ്സിലെ ഗോഗ്വാ വിളികളും സാക്ഷാൽ കോൺഗ്രസ്സിലെ ഗ്രൂപ്പ് കളികളും മാത്രം വിളമ്പി വായനക്കാരെ മുഷിപ്പിക്കുകയായിരുന്ന മാധ്യമങ്ങൾക്ക് കിട്ടിയ പുതിയ വിഭവമായിരുന്നു സി.പി.എം പാർട്ടി വഴക്ക്. നേരത്തേ പാർട്ടിക്കുള്ളിലെ വെട്ടിനിരത്തലിലും ഒടിച്ചുമടക്കലിലും ഒതുങ്ങിനിന്നിരുന്ന ഗ്രൂപ്പ് വൈരം, ഇപ്പോഴത്തെ ഇടതു സർക്കാർ അധികാരമേറ്റ ശേഷം സർക്കാറിന് മുന്നോട്ടു നീങ്ങാൻ കഴിയാത്തവണ്ണം ഭരണനിർവഹണത്തെ ബാധിച്ചിരിക്കുന്നു. നാടും നഗരവും മുഴുവൻ മുഷ്ടി ചുരുട്ടി നിൽക്കുന്ന തന്റെ വർണ്ണ പോസ്റ്റുകളൊട്ടിച്ച് മുഖ്യമന്ത്രിയാവാൻ കേരളാ മാർച്ചുമായി പുറപ്പെട്ട പാർട്ടി സെക്രട്ടറി, തിരുവനന്തപുരത്തെത്തും മുമ്പേ ലാവ്‌ലിനിൽ കുടുങ്ങി മോഹമുപേക്ഷിക്കാൻ നിർബന്ധിതനായി. തനിക്കില്ലെങ്കിൽ മറ്റയാൾക്കും വേണ്ട എന്ന മനസ്സാൽ അച്യുതാനന്ദന് സീറ്റ് നിഷേധിച്ചുകൊണ്ടായിരുന്നു ഗ്രൂപ്പ് പോരിന്റെ ഏറ്റവും പുതിയ ഘട്ടം ആരംഭിച്ചത്.

മൂന്നാറിലും മതികെട്ടാനിലും കൈയേറ്റങ്ങൾ തിരിച്ചുപിടിക്കുന്നതും പീഡനക്കാർ കൈയാമം വെച്ച് തെരുവിലൂടെ നടക്കുന്നതും കിളിരൂരിലെ വി.ഐ.പി വെളിപ്പെടുന്നതും കാണാൻ വാഗ്ദത്ത വി.എസ് മിശിഹാ വരുന്നതും കാത്തിരുന്ന ജനം ചോദിച്ചു: എന്തപ്പാ ഇത്? സെക്രട്ടറിയുടെ തിരുവരുളുണ്ടായി: നിങ്ങൾക്ക് സി.പി.എമ്മിനെ പറ്റി ഒരു ചുക്കുമറിയില്ല. പാർട്ടിക്കകത്തും പുറത്തുമുയർന്ന പ്രതിഷേധത്തെത്തുടർന്ന് 'വികസനവിരുദ്ധ'നും 'ന്യൂനപക്ഷ വിരോധി'യുമായ വി.എസ്സിന് കേന്ദ്ര നേതൃത്വമിടപെട്ട് ടിക്കറ്റ് വാങ്ങിക്കൊടുത്തു. അപ്പോൾ ജനം സമാധാനിച്ചു, ഈ അസാധാരണ നടപടിയുടെ ലോജിക്ക് തങ്ങൾക്ക് മനസ്സിലാകാഞ്ഞിട്ടാകുമെന്ന്. പിന്നീടങ്ങോട്ട് ഓരോ ഇഞ്ചിലും വി.എസ്സിനെ പൂട്ടാനായി പാർട്ടി ഔദ്യോഗിക നേതൃത്വത്തിന്റെ ശ്രമം. ഇടത് വിജയത്തിന്റെ ക്രെഡിറ്റ്, മുഖ്യമന്ത്രി സ്ഥാനം, വകുപ്പ് വിഭജനം എന്നിങ്ങനെ ഓരോ ഘട്ടത്തിലും അച്യുതാനന്ദനെ ശല്യപ്പെടുത്തി പഴയ കഥയിലെ അമ്മായി അമ്മയുടെ മനഃസുഖം അനുഭവിച്ചു, പാർട്ടിയിലെ എതിർഗ്രൂപ്പുകാർ. സർക്കാറോ മുഖ്യമന്ത്രിയോ എന്തെങ്കിലും ജനപ്രിയ പരിപാടി നടപ്പിലാക്കിയാൽ, വ്യക്തിയല്ല പാർട്ടി (സർക്കാർ) ആണ് അത് ചെയ്തത് എന്ന് ആരോടോ ഉള്ള കെറുവ് തീർക്കാനെന്ന പോലെ ഇടക്കിടെ ഓർമപ്പെടുത്തിക്കൊണ്ടിരിക്കും പാർട്ടി നേതൃത്വം. കേരളം മുഴുവൻ ഒരു വ്യക്തിയുടെ ബഹുവർണ ചിത്രങ്ങളും കട്ടൗട്ടുകളും ഉയർന്നപ്പോൾ ആൾദൈവ സംസ്കാരത്തെ കുറിച്ചും മുതലാളിത്ത പ്രവണതകളെക്കുറിച്ചും ആശങ്കപ്പെടാതിരുന്ന ആസ്ഥാന ബുദ്ധിജീവികൾ മുഖ്യമന്ത്രി മാധ്യമശ്രദ്ധ നേടുന്നതിൽ അസ്വസ്ഥരായി, റഷ്യൻ ഉലമാക്കളുടെ ഉദ്ധരണികളുടെ അകമ്പടിയോടെ മീഡിയാ ഹൈപ്പിന്റെ ചതിക്കുഴികളെ പറ്റി സൈദ്ധാന്തിക വിശദീകരണങ്ങൾ നൽകിക്കൊണ്ടിരുന്നു. ഇങ്ങനെ കൊണ്ടും കൊടുത്തും മുന്നോട്ടു നീങ്ങിയിരുന്ന പാർട്ടി പ്രശ്നത്തിലെ ഏറ്റവും പുതിയ വികാസമാണ് മുഖ്യമന്ത്രിക്കും പാർട്ടി സെക്രട്ടറിക്കുമെതിരിലെ പി.ബി നടപടി.

യഥാർഥത്തിൽ നാട്ടിലെ മറ്റേതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽ നമുക്ക് സ്വപ്നം കാണാൻ കഴിയാത്ത കാര്യമാണ് സി.പി.എമ്മിൽ നടന്നത്. നടപടി എന്തു ഫലമുണ്ടാക്കും, ഇതൊരു അഡ്ജസ്റ്റ്മെന്റാണോ, പാർട്ടിയിൽ ഇങ്ങനെയൊരു നടപടിക്രമമുണ്ടോ എന്നൊക്കെയുള്ള ചോദ്യങ്ങൾക്കപ്പുറത്ത് ഇങ്ങനെ ഒരു സൂ

ചനാ നടപടിക്ക് മുതിർന്ന കേന്ദ്ര നേതൃത്വത്തിന്റെ ധൈര്യം ശ്രദ്ധേയമാണെന്ന് പറയാതിരിക്കാനാവില്ല. എത്ര അച്ചടക്കമുള്ള പാർട്ടി പ്രവർത്തകനും സന്തോഷത്തോടെ ഏറ്റുവാങ്ങാവുന്ന ഒന്നല്ലല്ലോ അച്ചടക്ക നടപടി. മതത്തേക്കാൾ ജാതി പ്രസക്തമാകുന്ന ഹിന്ദുമത ഘടന പോലെ, പാർട്ടിയേക്കാൾ ഗ്രൂപ്പിന് പ്രാധാന്യമുള്ള ഒന്നാണല്ലോ കോൺഗ്രസ്സിന്റെ ഘടന. അതിനാൽ തന്നെ ആന്റണി-കരുണാകര വഴക്കു പോലെ കാണാവുന്ന ഒന്നല്ല സി.പി.എമ്മിലെ ആഭ്യന്തര വഴക്ക്. കോൺഗ്രസ് ഗ്രൂപ്പ് പ്രശ്നം പോലെ തീർത്തും വ്യക്തിനിഷ്ഠമായ, ചക്കളത്തിപ്പോരിന്റെ ഒരുതലം സി.പി.എമ്മിലുമുണ്ട് എന്നത് അവഗണിക്കുകയല്ല. പക്ഷേ അച്യുതാനന്ദൻ-പിണറായി ദ്വന്ദ്വങ്ങൾക്കിടയിൽ ചർച്ച ചെയ്യപ്പെടാതെ പോകുന്ന സി.പി. എമ്മിലെ പ്രശ്നങ്ങളുടെ ചില വശങ്ങളെക്കുറിച്ചുകൂടി പറയുകയാണ്.

1989-ലെ ബെർലിൻ മതിലിന്റെ തകർച്ചയും 1991-ൽ പൂർണമായ സോവിയറ്റ് യൂനിയന്റെ പതനവും സൃഷ്ടിച്ച ആഘാതങ്ങൾ ചെറുതായിരുന്നില്ല. കമ്യൂണിസ്റ്റ്-മുതലാളിത്ത ദ്വിധ്രുവ ബ്ലോക്കുകളായി നിലകൊണ്ടിരുന്ന ലോകത്തിന്റെ ശാക്തിക സന്തുലനം തകരുകയും അമേരിക്കൻ നേതൃത്വത്തിലുള്ള ഏകധ്രുവ ലോകം നിലവിൽ വരികയും ചെയ്തു. ഇന്നല്ലെങ്കിൽ നാളെ തങ്ങളുടെ ഭൂഭാഗവും സോവിയറ്റ് യൂനിയനെ പോലെ സ്വർഗ സുന്ദരമാകും എന്ന് കരുതിയിരുന്ന ലോകമെങ്ങുമുള്ള കമ്യൂണിസ്റ്റുകാർക്ക് റഷ്യൻ പതനം സഹിക്കാവുന്നതായിരുന്നില്ല. *സോവിയറ്റ് നാടി*ന്റെയും മറ്റും മേനിക്കടലാസുകളിൽ റഷ്യയിലെ കൂട്ടുകൃഷിയിടങ്ങളിലെ വിളവെടുപ്പും മുതിർന്ന പൗരന്മാരുടെ പെൻഷനാനുകൂല്യങ്ങളും, കുട്ടികളനുഭവിക്കുന്ന പരിധിയില്ലാത്ത സ്വാതന്ത്ര്യവും വായിച്ചറിഞ്ഞിരുന്ന കേരള സഖാക്കളുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല. സോവിയറ്റ് യൂനിയന്റെ തകർച്ച അവരെ സംബന്ധിച്ചേടത്തോളം കേവലമൊരു രാഷ്ട്രഘടനയുടെ തകർച്ചയായിരുന്നില്ല. പത്തെഴുപത് കൊല്ലക്കാലം തങ്ങളുടെ മുഴുജീവിത സങ്കൽപങ്ങളുടെയും ആധാരമായി അവർ വളർത്തിക്കൊണ്ടുവന്ന സ്വപ്നസൗധത്തിന്റെ തകർച്ചയായിരുന്നു. ഇന്നലെ വരെ തങ്ങൾ മാതൃകയായി ഉയർത്തിക്കാട്ടിയിരുന്ന രാജ്യത്ത്, ഉണ്ടെന്ന് പറയപ്പെട്ടിരുന്ന മെച്ചപ്പെട്ട ജീവിതാവസ്ഥകളെ സംബന്ധിച്ച പ്രചാരണം, അയഥാർഥമായിരുന്നെന്ന തിരിച്ചറിവ് സമ്മാനിക്കുന്ന നിരാശ ചെറുതായിരിക്കില്ലല്ലോ. വിളവെടുപ്പിന് തയാറായ തോട്ടം ഒരു സുപ്രഭാതത്തിൽ കത്തിച്ചാമ്പലായതു കണ്ട് ഹൃദയം തകരുന്ന കർഷകനെ സംബന്ധിച്ച ഖുർആനിക ഉപമ ഈ മാനസികാവസ്ഥയെ ഓർമപ്പെടുത്തുന്നുണ്ട്. പൊന്നെന്ന് കരുതി കൊതിച്ചതും മോഹിച്ചതും കാക്കപ്പൊന്നായിരുന്നെന്ന തിരിച്ചറിവ് നൽകുന്ന നിരാശ; വെള്ളമെന്ന് ധരിച്ച് ദൂരമേറെ തങ്ങൾ പിന്തുടർന്നത് മരീചികയെയായിരുന്നെന്ന് ബോധ്യം പകരുന്ന ശൂന്യതയും ജാള്യതയും- ഇവയെ മറികടക്കാനാവാതെ പല കമ്യൂണിസ്റ്റ് പ്രവർത്തകരും നിർജീവരായി. ശേഷവും പാർട്ടിയിൽ ശേഷിച്ചവർക്ക് മുന്നിൽ രണ്ട് വഴികളാണുണ്ടായിരുന്നത്: ഒന്ന്, തകർച്ച പറ്റിയത് കമ്യൂണിസത്തിനല്ലെന്നും റഷ്യയിൽ അത് നടപ്പിലാക്കിയ രീതിക്കാണെന്നും സ്വയം വിശ്വസിക്കുകയും മറ്റുള്ളവരെ വിശ്വസിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുക. രണ്ടാമത്തേത്, പാർട്ടിയുടെ പേര് നിലനിർത്തിക്കൊണ്ടുതന്നെ പുതിയ കാലത്തിനനുയോജ്യമായി ഉള്ളടക്കത്തിൽ പരിവർത്തനം വരുത്തുക.

ഇ.എം.എസ്സിന്റെ മരണം വരെ അദ്ദേഹത്തെയും അദ്ദേഹത്തിന്റെ സൈദ്ധാന്തിക വ്യാഖ്യാനങ്ങളെയും ചുറ്റിപ്പറ്റി ഉണ്ടാക്കപ്പെട്ടിരുന്ന 'ഹാലോ' കാരണം, ഒന്നാമത്തെ മാർഗത്തിനനുസൃതമായി ഇ.എം.എസ് നൽകിയ വ്യാഖ്യാനക്കസർത്തുകൾ വഴി ഒരു പരിധിവരെ പിടിച്ചുനിൽക്കാൻ സി.പി.എമ്മിന് കഴിഞ്ഞു. പക്ഷേ, ഇപ്പോൾ ബെർലിൻ കുഞ്ഞനന്തൻ നായർ, സുധീഷ് തുടങ്ങി ചിലർ മാത്രമാണ് കമ്യൂണിസത്തെ സംബന്ധിച്ച് വിമോചന സ്വപ്നങ്ങൾ നെയ്യുന്നതെന്ന് തോന്നുന്നു. ഇ.എം.എസ്സിനു ശേഷം പാർട്ടിയിൽ നികത്തപ്പെടാതെ കിടന്ന താത്വികന്റെ ഒഴിവ്, പാർട്ടിയെ പുതുലോകക്രമത്തിനനുസരിച്ച് പരുവപ്പെടുത്തുന്നവർക്ക് സഹായകമായി എന്ന് പറയാറുണ്ട്. അതെന്തായാലും തൊണ്ണൂറുകളോടെ, നിയോ ലിബറൽ അജണ്ടക്കനുസരിച്ച് പാർട്ടി നിലപാടുകൾ മാറ്റാനുള്ള ശ്രമമുണ്ടായി എന്നത് നേരാണ്.

മാറുന്ന ലോകസാഹചര്യങ്ങൾക്കനുസരിച്ച് നയനിലപാടുകളിലും മുൻഗണനാ ക്രമങ്ങളിലും മാറ്റങ്ങളുണ്ടാകുക എന്നത് ജീവനുള്ള ഏതൊരു പ്രസ്ഥാനത്തിന്റെയും അടയാളമാണ്. പക്ഷേ ലോക സാഹചര്യങ്ങളെ വായിക്കേണ്ടതും വിശകലനം ചെയ്യേണ്ടതും സ്വന്തം നിലപാടുതറയിൽനിന്നുകൊണ്ടായിരിക്കണം. കമ്യൂണിസത്തിന്റെ പതനത്തിനു ശേഷം ലോകത്തിന് ഏക രക്ഷാമാർഗം ആഗോളവത്കരണം എന്ന ബ്രാന്റ് നെയ്മിൽ മാർക്കറ്റ് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന സ്വതന്ത്ര കമ്പോളവും അത് കേന്ദ്രബിന്ദുവായ കമ്പോള മൗലികവാദവുമാണെന്നാണ് അതിന്റെ വക്താക്കൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നത്. എന്തിനെയും സ്വകാര്യവത്കരിക്കലാണ് അവരുടെ പക്കലുള്ള പരിഹാരം. സാമ്പത്തിക കാര്യങ്ങളിൽ ലോകരാഷ്ട്രങ്ങൾക്ക് സഹായവും ഉപദേശവും നൽകലാണ് തങ്ങളുടെ ജോലിയെന്ന് പരിചയപ്പെടുത്തുന്ന ഐ.എം.എഫും ലോകബാങ്കും തങ്ങളുടെ സഹായങ്ങൾ ലഭ്യമാക്കുന്നതിനുള്ള മുന്നുപാധിയായി നിയന്ത്രണങ്ങളില്ലാത്ത സ്വകാര്യവത്കരണം വെക്കുന്നത് ഉദാരവത്കരണ അജണ്ടയുടെ മുന്നോട്ടുള്ള ഗമനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു.

ശീതയുദ്ധസമയത്ത്, മൂലധനം ലോക്കൽ ആയിരുന്നു. (ബെർലിൻ) മതിലില്ലാ ലോകത്ത് മൂലധനത്തിന്റെ ഒഴുക്കിന് നേരത്തേയുണ്ടായിരുന്ന തടസ്സങ്ങളെല്ലാം നീങ്ങിയിരിക്കുന്നു. അതിനാൽ മൂലധനം ഇന്ന് ഗ്ലോബൽ ആണ്. ഇതാണ് സാമ്പത്തിക രംഗത്തെ ഗ്ലോബലൈസേഷൻ- മൂലധനത്തിന്റെ ആഗോളവത്കരണം. സമ്പൂർണ സ്വകാര്യ വത്കരണമാണ് അതിന്റെ ലക്ഷ്യം. സാങ്കേതികവിദ്യ, മൂലധനം, വിവരം എന്നിവയുടെ ജനാധിപത്യവത്കരണം ആഗോളവത്കരണത്തിന്റെ സൃഷ്ടിയാണ്. ഗ്ലോബലൈസേഷന്റെ ഉത്തമ മാതൃക അമേരിക്ക തന്നെയാണ്. അമേരിക്കയുടെ മുഴുവൻ സാമ്പത്തികോന്നമനത്തിനും കാരണമായ സ്വതന്ത്ര കമ്പോളവ്യവസ്ഥ മറ്റു രാജ്യങ്ങളും പിന്തുടർന്നാലേ അവക്കും അഭിവൃദ്ധിയുണ്ടാകൂ. റഷ്യ, കിഴക്കനേഷ്യൻ രാജ്യങ്ങൾ, അർജന്റീന മുതലായ നാടുകളിലെ സാമ്പത്തിക പരിഷ്കാരങ്ങൾ ദോഷഫലങ്ങളുണ്ടാക്കിയത് നടത്തിപ്പിലെ കുഴപ്പം മൂലമാണ്. ആഗ്രഹിച്ചാലും ഇല്ലെങ്കിലും ഒരാൾക്കും ഈ പുതിയ ലോകക്രമത്തിന്റെ ഭാഗമാകാതിരിക്കാനാവില്ല. ഒന്നുകിൽ ഇതിനോടൊപ്പം നടന്ന്, അതിനു വേണ്ട ഘടനാ പരിഷ്കാരങ്ങൾ വരുത്തി അതിദ്രുതം പുരോഗതിയിലേക്ക് മുന്നേറുക. അല്ലെങ്കിൽ നശിക്കുക. ഇതാണ് കമ്പോള മൗലികവാദത്തിന്റെ ആകത്തുക.

ഒന്നുകിൽ മുഴുവൻ സ്റ്റേറ്റിന് കീഴിലാക്കുന്ന കമ്യൂണിസം; അല്ലെങ്കിൽ മൂലധനം യാതൊരു നിയന്ത്രണങ്ങൾക്കും വിധേയമാകാത്ത സ്വതന്ത്ര കമ്പോള മുതലാളിത്തം. മനുഷ്യജീവിതത്തിന് ഈ രണ്ട് സ്റ്റേഷനുകളേയുള്ളൂ എന്ന നിലയിലാണ് നിയോ ലിബറലിസ്റ്റുകളുടെ വാദഗതികൾ. ഇതിൽ കമ്യൂണിസം തകർന്നു കഴിഞ്ഞ സ്ഥിതിക്ക് ഇനി എല്ലാവർക്കും കയറിനിൽക്കാൻ തങ്ങളുടെ സ്വതന്ത്ര കമ്പോള പ്ലാറ്റ്ഫോമേയുള്ളൂ എന്നതാണ് അവകാശവാദം. കമ്യൂണിസം അതിന്റെ സഹജമായ മനുഷ്യത്വവിരുദ്ധതയാൽ കാലഗതി പ്രാപിച്ചപ്പോൾ, വർഷങ്ങളോളം ആ നുകത്തിനു കീഴിൽ കഴിഞ്ഞിട്ടും പട്ടിണിയും തൊഴിലില്ലായ്മയുമല്ലാതെ തങ്ങൾക്കൊന്നും കിട്ടിയില്ലെന്ന് തിരിച്ച

റിഞ്ഞ കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളിലെ പൗരന്മാരുടെ നിരാശ, സ്വതന്ത്ര കമ്പോളക്കാരുടെ വാദങ്ങളിൽ ജനങ്ങൾ ആകർഷിക്കപ്പെടാൻ കാരണമായി. അങ്ങനെയാണ് കമ്യൂണിസ്റ്റ് മുക്ത റഷ്യ ഉടനെത്തന്നെ സാമ്പത്തിക പരിഷ്കരണങ്ങൾ പരീക്ഷിച്ചത്.

സ്വതന്ത്ര കമ്പോള മൗലികവാദികളാണെങ്കിൽ, മുതലാളിത്തത്തിന്റെ മറ്റു രൂപാന്തരങ്ങൾക്കു പോലും (വിദ്യാഭ്യാസം, ചികിത്സ എന്നിവയെ പൊതുമേഖലയിൽ നിലനിർത്തുന്ന സ്വീഡിഷ് മാതൃക ഉദാഹരണം) ഇടം അനുവദിക്കാത്തവിധം 'സലഫി' മനഃസ്ഥിതിയുള്ളവരാണ്. ലോകത്തിന്റെ ഏക മോക്ഷ മാർഗം സമ്പൂർണ സ്വകാര്യവത്കരണമാണെന്നവർ പ്രചരിപ്പിക്കുന്നു. മാത്രമല്ല, കാലം മുന്നോട്ടു നീങ്ങുന്നതിനനുസരിച്ച് മനുഷ്യജീവിതത്തിൽ സ്വാഭാവികമായുണ്ടാകുന്ന പുരോഗതികൾ പോലും ആഗോളവത്കരണത്തിന്റെ അക്കൗണ്ടിലാണ് അവർ വരവു വെക്കുന്നത്. വിവരങ്ങളുടെ മൂടിവെപ്പ് മുഖമുദ്രയായ കമ്യൂണിസ്റ്റ് വ്യവസ്ഥയെ ചൂണ്ടിക്കാട്ടി, ഇൻഫർമേഷന്റെ സുതാര്യതയും സുഗമമായ ഒഴുക്കും തങ്ങളിലൂടെയേ സാധ്യമാകൂ എന്നവർ വിശ്വസിപ്പിക്കുന്നു.

പത്തമ്പത് വർഷത്തെ വികസന മുരടിപ്പ് മാത്രമാണ് തങ്ങളുടെ സംഭാവനയെന്ന പ്രചാരണത്തെ നേരിടാൻ കമ്യൂണിസ്റ്റുകൾക്കായില്ല. ഈ ചീത്തപ്പേര് മാറ്റാൻ പല വഴികൾ പരീക്ഷിക്കപ്പെട്ടു. സ്വന്തമായി സമ്പാദിക്കാനും തന്റേതെന്ന രീതിയിൽ എന്തെങ്കിലും കരുതിവെക്കാനുമുള്ള മനുഷ്യന്റെ സ്വാഭാവിക ചോദനക്ക് തടസ്സം നിൽക്കുന്നതിലെ പ്രകൃതിവിരുദ്ധത മനസ്സിലാക്കിയ ചുരുക്കം ചിലർ സ്വകാര്യ സ്വത്തവകാശവും സോഷ്യലിസ്റ്റ് ചായ്‌വോടെ ജനാധിപത്യാവകാശങ്ങളും അനുവദിച്ചുകൊണ്ട് പിടിച്ചുനിൽക്കാൻ ശ്രമിച്ചു. സ്റ്റേറ്റിന്റെ നിയന്ത്രണം ചില മേഖലകളിൽ മാത്രം നിലനിർത്തിയ ഇക്കൂട്ടർ കമ്യൂണിസ്റ്റ് എന്നതിലേറെ സോഷ്യൽ ഡെമോക്രാറ്റുകൾ എന്ന പേരിലാണ് അറിയപ്പെട്ടത്. എന്നാൽ മഹാഭൂരിപക്ഷം കമ്യൂണിസ്റ്റ് രാഷ്ട്രങ്ങളും ഭ്രാന്തമായ ആവേശത്തോടെ സമ്പൂർണ മുതലാളിത്ത പാതയിലേക്ക് നീങ്ങുകയാണ് ചെയ്തത്.

കേരളത്തിലും സ്ഥിതി വ്യത്യസ്തമായില്ല. സോവിയറ്റ് യൂനിയന്റെ തകർച്ചയും മുതലാളിത്ത സൗഹൃദ രാജ്യമായി ചൈനയുടെ മാറ്റവും സഖാക്കളുടെ ആത്മവിശ്വാസം കെടുത്തി. ട്രേഡ് യൂനിയൻ ഗുണ്ടായിസവും തൊഴിലാളികളിൽ സൃഷ്ടിക്കപ്പെട്ട അതിരു കവിഞ്ഞ അവകാശബോധവും വഴി കേരളത്തിന്റെ വളർച്ചാ മുരടിപ്പിന് തങ്ങൾ കാരണക്കാരായെന്ന തോന്നൽ കമ്യൂണിസ്റ്റുകളിൽ തന്നെയുണ്ടായി. കമ്പ്യൂട്ടറിനെയും ട്രാക്ടറിനെയും എതിർത്തതിന്റെ ചീത്തപ്പേര് വേറെയുണ്ടു താനും. ഇവയെല്ലാം നൽകിയ കുറ്റബോധവും ആത്മവിശ്വാസക്കമ്മിയും 'അടിസ്ഥാന വർഗ' തൽപരരായിരുന്ന കമ്യൂണിസ്റ്റ് പാർട്ടികളെ തങ്ങളുടെ ഭൂതകാലം മായ്ച്ചുകളയാനുള്ള വ്യഗ്രതയിലാണെത്തിച്ചത്. അങ്ങനെയാണ് മുമ്പ് തങ്ങൾ എതിർത്തിരുന്ന സാമ്രാജ്യത്വ താൽപര്യങ്ങളോരോന്നിനും അനുകൂലമായ സൈദ്ധാന്തിക വ്യാഖ്യാനങ്ങൾ ചമക്കുന്നത് തങ്ങളുടെ ജോലിയായി സി.പി.എം ഏറ്റെടുക്കുന്നത്. എ.ഡി.ബി വായ്പയുമായി ബന്ധപ്പെട്ട പാർട്ടി നിലപാട് നല്ലൊരു ഉദാഹരണമാണ്. തദ്ദേശീയമായി വിഭവസമാഹരണം നടത്തി എ.ഡി.ബി വായ്പ വേണ്ടെന്നു വെക്കേണ്ടതിനെ പറ്റി വലിയ വായിൽ സംസാരിച്ചിരുന്ന പാർട്ടി, ഇപ്പോൾ കേന്ദ്ര നിയമത്തിലെ ചില തടസ്സങ്ങൾ ചൂണ്ടിക്കാട്ടി രക്ഷപ്പെടുകയാണ്. സ്വന്തം ബാങ്കുകളിൽ വേണ്ടത്ര നീക്കിവെപ്പുണ്ടായിരിക്കെ, വിദേശ ഏജൻസികളിൽനിന്ന് കടം വാങ്ങാൻ നിർബന്ധിക്കുന്ന ജനവിരുദ്ധ നിയമങ്ങൾ മാറ്റാൻ സമ്മർദം ചെലുത്തുകയും ബഹുജന വികാരം ഉയർത്തിക്കൊണ്ടുവരികയുമാണല്ലോ സി.പി.എം ചെയ്യേണ്ടിയിരുന്നത്. അതിനു പകരം എ.ഡി.ബി ലോണിന്റെ മഹത്വത്തെക്കുറിച്ച് സ്റ്റഡി ക്ലാസ്സെടുക്കുകയാണ് പാർട്ടി നേതാക്കൾ.

നടത്തിപ്പിന്റെ രീതിയെക്കുറിച്ചല്ലാതെ വികസന സങ്കൽപത്തിലും ജീവിത വീക്ഷണത്തിലും മുതലാളിത്തവും കമ്യൂണിസവും തമ്മിൽ വലിയ അഭിപ്രായവ്യത്യാസമില്ല. രണ്ടും മെറ്റീരിയലിസത്തിന്റെ ഇരട്ട പെറ്റ മക്കളായതുകൊണ്ട് അത് സ്വാഭാവികമാണ്. അതിനാൽതന്നെ റിസോർട്ടുകളും ജലകേളീ കേന്ദ്രങ്ങളും പാർട്ടിതലത്തിലോ സഹകരണാടിസ്ഥാനത്തിലോ ആണെങ്കിൽ കുഴപ്പമില്ലെന്ന നിലപാടിലാണിപ്പോൾ പാർട്ടി നേതൃത്വം. പാവപ്പെട്ട കർഷകനും കർഷകത്തൊഴിലാളിയും വാരാന്ത്യത്തിൽ ഒന്ന് വിനോദിക്കുന്നതിലുള്ള ബൂർഷ്വാസിയുടെ അസൂയയാണ് പാർട്ടി വിനോദകേന്ദ്രത്തിനെതിരിലുള്ള എതിർപ്പ് എന്ന ബുദ്ധിജീവി വ്യാഖ്യാനം സ്വന്തം മനസ്സാക്ഷിക്കുത്ത് കുറക്കാൻ സഹായിച്ചേക്കാമെങ്കിലും ജനത്തിന് അതങ്ങനെയങ്ങ് ബോധിച്ചിട്ടില്ല.

കാര്യങ്ങൾ ഇങ്ങനെയൊക്കെ നീങ്ങുമ്പോഴും സാമ്രാജ്യത്വവിരുദ്ധതയുടെയും മുതലാളിത്ത ദ്വേഷത്തിന്റെയും കുത്തക മറ്റാർക്കും വിട്ടുകൊടുക്കാൻ സി.പി.എം തയാറല്ല. അതിന്റെയെല്ലാം പേറ്റന്റ് തങ്ങൾക്കാണെന്ന ഭാവവുമുണ്ട്. ഇവരുടെ ഈ ധാർഷ്ട്യം നിമിത്തം, പലപ്പോഴും ന്യായമായ പ്രതിഷേധത്തിന്റെയും തിരുത്തലിന്റെയും ഇടം പോലും ചുരുങ്ങിപ്പോകുന്നു. എ.ഡി.ബി പ്രശ്നത്തിൽ വീണ്ടും നമ്മളത് കണ്ടു. ഞങ്ങളംഗീകരിച്ചുകഴിഞ്ഞ സ്ഥിതിക്ക് മറ്റാരും പ്രതിഷേധിക്കേണ്ട എന്നതാണ് മനസ്സ്. ആരെങ്കിലും അനുസരണക്കേട് കാട്ടുന്നുവെങ്കിൽ, അവരെ നേരിടാൻ എല്ലാ സർക്കാർ പരിപാടികളിലും ഡിഫി സാന്നിധ്യവുമുണ്ട്. തങ്ങളോട് യോജിക്കാത്തവരെ മുഴുവൻ ബ്രാൻഡ് ചെയ്യുക എന്നത് മുമ്പേ കമ്യൂണിസ്റ്റ് രീതിയാണ്. തങ്ങളുടെ മുതലാളിത്ത വികസന പരിപ്രേക്ഷ്യം അംഗീകരിക്കാത്തവർ കേരള സി.പി.എമ്മുകാർക്ക് ഇപ്പോൾ ഒന്നുകിൽ ഫ്യൂഡൽ മതബോധക്കാരാണ്, അല്ലെങ്കിൽ നക്സലൈറ്റുകളാണ്. കേരളത്തിലെ വിദ്യാഭ്യാസ–സാംസ്കാരികമേഖലയിൽ ഈ അഹംബോധം ഇതിലേറെ ശക്തമാണ്. വിദ്യാർഥി രാഷ്ട്രീയം ഒരു അശ്ലീലപദമാക്കി മാറ്റിയത്, കാമ്പസുകളിൽ ഞങ്ങൾ മതി എന്ന എസ്.എഫ്.ഐ ധാർഷ്ട്യമായിരുന്നു. തൊണ്ണൂറുകളുടെ തുടക്കത്തിലെ വിളനിലം സമരത്തിനു ശേഷം ഒരൊറ്റ സമരം പോലും ജയിപ്പിച്ചെടുക്കാൻ ഈ സംഘടനക്ക് കഴിയാതിരുന്നത്, മാറുന്ന കാലത്തിനനുസരിച്ച് ഹോം വർക്ക് ചെയ്യാതെ പ്രസ്താവനകളിലും തെരുവുയുദ്ധങ്ങളിലും മാത്രം ശ്രദ്ധിക്കുന്നതുകൊണ്ടാണ്. ഉദാഹരണത്തിന്, സ്വാശ്രയ കോളേജുകൾക്കെതിരിൽ 1994 മുതൽ എസ്.എഫ്.ഐ സമരം ചെയ്യുന്നുണ്ട്. ആണ്ടോടാണ്ട് ജൂൺ മാസത്തിൽ ഇടതു ഭരണമാണെങ്കിൽ ചില പ്രസ്താവനകളും വലതു ഭരണമാണെങ്കിൽ ജലപീരങ്കി പ്രയോഗങ്ങളും നടക്കുന്നുണ്ട് എന്നതിനപ്പുറത്ത് കാര്യങ്ങൾ കൂടുതലായി വഷളായിവരികയല്ലേ. ഇതു മാത്രമല്ല, മുതലാളിത്തത്തിന് പാർട്ടി വളരെ കൂടിയ അളവിൽ വിധേയമായിരിക്കുന്നു. പല കാമ്പസുകളിലും വാലന്റൈൻസ് ഡേക്ക് കാർഡും റോസാപ്പൂവും വിൽപന നടത്തുന്നതുതന്നെ എസ്.എഫ്.ഐക്കാരാണ്. പാർട്ടി പേരിൽ ചെയ്യാൻ മടിയുള്ളിടത്ത് തട്ടിക്കൂട്ട് സാംസ്കാരിക സമിതിയുടെ പേരിൽ ചെയ്യുമെന്ന് മാത്രം.

മാറിയ കാലത്ത് പാർട്ടിക്കാരന്റെ മൂല്യസങ്കൽപത്തിൽ പോലും മാറ്റങ്ങൾ വന്നിരിക്കുന്നു. വികസനത്തിന്റെ ഏക സത്യവഴി കമ്പോള മുതലാളിത്തമാണെന്ന തോന്നലും, വിവേചനരഹിതമായുള്ള മൂലധന സമാഹരണം വഴിയുണ്ടായ പുതിയ ബന്ധങ്ങളും കമ്യൂണിസ്റ്റ് നേതാക്കളിൽ ഉണ്ടെന്ന് കരുതപ്പെട്ടിരുന്ന ജീവിത വിശുദ്ധിയുടെ ധവളിമക്ക് മങ്ങലേൽപിച്ചിരിക്കുന്നു. മൂന്നാം ലോക രാജ്യങ്ങളിലെ രാഷ്ട്രീയ നേതൃത്വത്തിന്റെ അഴിമതിയും കൈക്കൂലിയുമാണ് അവിടങ്ങളിലെ വികസനരാഹിത്യത്തിന്റെ കാരണ

മെന്ന് ചൂണ്ടിക്കാട്ടാറുള്ള സ്വതന്ത്ര കമ്പോള ഏജൻസികളും കമ്പനികളും ആ മാർഗ മുപയോഗിച്ചുതന്നെയാണ് തങ്ങളുടെ താൽപര്യങ്ങളും കരാറുകളും നേടിയെടുക്കുന്നത് എന്ന് എല്ലാവർക്കുമറിയുന്നതാണ്. ഈ കമീഷൻകുളിമുറിയിൽ കമ്യൂണിസ്റ്റുകളും നഗ്നരാകുമ്പോഴാണ് ലെവിയും ലാവ്‌ലിനും ഒരുപോലെ വരുമാന മാർഗങ്ങളാകുന്നത്. അപ്പോഴാണ്, 'അറിയപ്പെടാത്ത ഇ.എം.എസ്സി'നേക്കാൾ അറിയപ്പെടുന്ന പിണറായി പാർട്ടിക്ക് അലങ്കാരമാകുന്നത്.

എഴുപത് കൊല്ലമെങ്കിലും കമ്യൂണിസമെന്ന മനുഷ്യവിരുദ്ധ വ്യവസ്ഥയെ നില നിർത്തിയത് പാവപ്പെട്ടവനെയും പീഡിതനെയും സംബന്ധിച്ച അതിന്റെ ഉത്കണ്ഠയാണ്. ഇതാകട്ടെ, ഏതൊരു മനുഷ്യന്റെ ശുദ്ധ പ്രകൃതിയിലും അന്തർലീനമായ ദൈവദത്തമായ നന്മയുടെ പ്രകാശനമാണ്. ഈ നന്മകൂടി കമ്യൂണിസ്റ്റുകാരിൽനിന്ന് ഇല്ലാതായി, പാർട്ടി സ്ഥാപനത്തിന്റെ നടത്തിപ്പും അതിനാവശ്യമായ ഉന്നത ബന്ധങ്ങളും മുഖ്യ പ്രശ്നമാകുന്നതുമാണ് ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്. 1996–2001 -ലെ നായനാർ മന്ത്രിസഭ ചരിത്രത്തിൽ അനുസ്മരിക്കപ്പെടുക, കമ്യൂണിസ്റ്റ് മന്ത്രിസഭ അഴിമതിരഹിതമാകും എന്ന ധാരണ തിരുത്തിയതിന്റെ പേരിലാവും. അതിനു ശേഷം ഈ പ്രവണത ശക്തിപ്പെട്ടിട്ടേയുള്ളൂ. ആഗോള മുതലാളിത്തത്തിന്റെ നടത്തിപ്പാണ് ഇനി ജീവിതവഴിയെന്നും അതിന്റെ കമീഷനാണ് വരുമാനസ്രോതസ്സെന്നും ലോകർക്ക് സമർപ്പിക്കാൻ മൗലികമായി ഒന്നും തങ്ങളുടെ പക്കലില്ലെന്നും കമ്യൂണിസ്റ്റുകാർ തിരിച്ചറിയുന്നിടത്ത് സി.പി.എം മറ്റൊരു 'കോങ്കറസ്സ്' ആകുകയാണ്.

ഒരുപാട് സന്ദിഗ്ധതകളിലൂടെയാണ് സി.പി.എം ഇന്ന് കടന്നുപോയിക്കൊണ്ടിരിക്കുന്നത്. തങ്ങളെത്തിച്ചേർന്നിരിക്കുന്ന നിലപാടുകളെ സംബന്ധിച്ച ഉറപ്പു കമ്മിയാണ് ചോദ്യങ്ങൾക്കു മുമ്പിൽ പാർട്ടി നേതൃത്വത്തെ അസഹിഷ്ണുക്കളാക്കുന്നത്. ഈ അസഹിഷ്ണുതയുടെ പാരമ്യമാണ് 'ചുക്കുമറിയില്ലാ' മറുപടികളും, സെക്രട്ടറിയുടെ ശരീരഭാഷയിൽ പോലും പ്രകടമാകുന്ന പരപുഛവും ധാർഷ്ട്യവും. കേവലം ഒരു പി.ബി നടപടി കൊണ്ടോ, രണ്ട് നേതാക്കൾ മൗനികളാക്കപ്പെട്ടതുകൊണ്ടോ ഈ പ്രതിസന്ധിയെ മറികടക്കാൻ സി.പി.എമ്മിനാവില്ല. വി.എസ്. അച്യുതാനന്ദന്റെ ഇഛാശക്തിയുള്ള ചില നടപടികൾ അദ്ദേഹത്തിന്റെയും സർക്കാറിന്റെയും ജനപ്രിയത ഒരൽപം വർധിപ്പിച്ചേക്കാം. അതിനപ്പുറം, പഠിച്ചതൊന്നും മറക്കാതിരിക്കുകയും പുതിയതൊന്നും പഠിക്കാതിരിക്കുകയും ചെയ്യുന്ന രീതി തുടരുന്ന പാർട്ടിയെ രക്ഷിക്കാൻ അദ്ദേഹത്തിനുമാവില്ല. എ.ഡി.ബി പ്രശ്നത്തിൽ, അവസാനം 'ജനങ്ങൾ തീരുമാനിക്കട്ടെ' എന്ന് പറഞ്ഞൊഴിയാൻ നിർബന്ധിതനായത് നമ്മൾ കണ്ടതാണ്. സോവിയറ്റ് യൂനിയന്റെ പതനത്തോടെ ഇനിയൊരു സ്വപ്നം പോലും സൃഷ്ടിക്കാൻ കഴിയാത്തവണ്ണം കമ്യൂണിസം വന്ധ്യമായിക്കഴിഞ്ഞു. അനന്തതയിലേക്ക് നീളുന്ന ജീവിതത്തിന്റെ വളരെ ചെറിയ ഒരു ഭാഗം മുറിച്ചെടുത്ത്, അതിനെ വേറിട്ടൊരു അസ്തിത്വമായി പരിഗണിച്ച് പ്രശ്നപരിഹാരത്തിന് ശ്രമിക്കുന്ന ഏതൊരു ജീവിതവീക്ഷണത്തിനും ഈ ഒരു പരിണതിയാണുണ്ടാവുക. അവരുടെ ഉപമ ഇങ്ങനെയാണ്: ആഴക്കടലിലെ ഘനാന്ധകാരം; അതിനെ തിരമാല മൂടിയിരിക്കുന്നു. അതിനു മീതെ വേറെയും തിരമാല. അതിനു മീതെ കാർമേഘവും. ഇരുളിനു മേൽ ഇരുൾ. സ്വന്തം കൈ പുറത്തേക്കു നീട്ടിയാൽ അതുപോലും കാണാനാവാത്ത കൂരിരുട്ട്! ദൈവം വെളിച്ചം നൽകാത്തവർക്ക് പിന്നെ വെളിച്ചമില്ല. ■